4/7

2B3N24082 (Pages : 2) Reg. No:.......................

Name: ..........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA/B.Sc Degree Examination, November 2024**

**BML3A09 – Malayala Sahithyam – 3**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. " അത് വലിച്ചെറിയൂ, എനിയ്ക്ക് പോലും അത് കാണുമ്പോൾ ഭ്രാന്ത് പിടിക്കും " . സാഹചര്യമെന്ത്?
2. കാവാലം നാരായണപണിക്കരുടെ തനത് നാടക ദർശനം ഉൾക്കൊള്ളുന്ന രണ്ട് നാടകങ്ങളുടെ പേരെഴുതുക.?
3. കുളം കുഴിക്കുന്ന കാര്യത്തിൽ ആളുകളുടെ അഭിപ്രായമെന്ത്?
4. ചലച്ചിത്രകാരന്റെ ഭാഷയുടെ പ്രത്യേകതയെന്ത്?
5. ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള വ്യത്യാസമെന്ത്?
6. പാശ്ചാത്യ നാടക വേദിയുടെ അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം?
7. " നിന്നെയും തിരിച്ചയക്കണം. സുഖക്കേടുകാർക്ക് ഇവിടെ സ്ഥാനമില്ല " . ആര് ആരോട് പറയുന്നതാണിത്?
8. കേരളീയമായ ഒരു നാടക വേദി രൂപപ്പെട്ട് വന്നത് എങ്ങനെയാണ്?
9. ബിംബങ്ങൾ ഉണ്ടാക്കാനുള്ള കല്ലിന്റെ പ്രത്യേകതകളായി പെരുന്തച്ചൻ പറയുന്നതെന്ത്?
10. 'വിരലറ്റം' ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്ന കൃതിയാണ്? പ്രതിപാദ്യമെന്ത്?
11. ദേവകി നിലയങ്ങോടിന്റെ ഉണ്ണിയേട്ടൻ മരിച്ചതെങ്ങനെ?
12. " എന്റെ സങ്കടത്തിന് പരിധിയില്ലായിരുന്നു " . സന്ദർഭം ഏത്?
13. മരിച്ച അമ്മയെ കാണാൻ മിത്രം നടനെ കൊണ്ടുപോയതെങ്ങനെ?
14. ഒരിക്കലും മറക്കാനാവാത്ത ആ യാത്ര അവസാനിച്ചതെവിടെയാണ്?
15. സ്വാമി രാജൻ കാക്കനാടനോട് സംസാരിച്ചത് എന്തിനെക്കുറിച്ചായിരുന്നു?

[2 x 15 = 30 പരമാവധി മാർക്ക് 25]

ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.

16. "ആ ശാപം തന്നെ പിന്തുടരുന്നു. നാടക സംഘത്തിൽ ചേർന്നിട്ടും ഇന്നും പിന്തുടരുന്നു." ഏത് ശാപത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്? വിശദമാക്കുക?
17. കാവാലം നാരായണപണിക്കരുടെ നാടകങ്ങളുടെ സവിശേഷതകൾ . വിശദമാക്കുക.?
18. "കല്ല് ദേവിയായിക്കഴിഞ്ഞു. അപ്പോൾ ആശാരി തീണ്ടാപ്പാടകലെ" - സന്ദർഭവും ആശയവും വ്യക്തമാക്കുക?
19. ശബ്ദത്തിന്റെ വരവോടു കൂടി ചലച്ചിത്രത്തിൽ ഉണ്ടായ പരിവർത്തനങ്ങൾ ഏതെല്ലാം?
20. അയ്യങ്കാളിയുടെ ജീവിതം കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക പരിവർത്തന ചരിത്രത്തിലെ ഒരു വീരേതിഹാസമാണെന്ന് പറയുന്നതിന് കാരണങ്ങൾ എന്തെല്ലാം?.
21. " ഇല്ലങ്ങളിലൊക്കെ രണ്ട് കുളങ്ങൾ ഉണ്ടാകും" - വിശദമാക്കുക?
22. ചാലിയപ്രം സ്കൂളിലെ പഠനത്തെക്കുറിച്ച് മുഹമ്മദലി ഓർമ്മിപ്പിക്കുന്നതെന്ത്?
23. നിലാവ് കോരിക്കുടിച്ച കള്ളിമുൾച്ചെടികൾ എന്ന പാഠഭാഗത്തിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക?

[5 x 8 = 40 പരമാവധി മാർക്ക് 35]

ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക

24. ഭരതവാക്യം എന്ന നാടകത്തിലെ രചനാപരമായ സവിശേഷതകൾ വിലയിരുത്തുക.?
25. വഴിയമ്പലത്തിലും പുൽക്കുടിലിലും എന്ന പാഠഭാഗത്തെ മുൻ നിർത്തി മലയാളത്തിലെ സഞ്ചാര സാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക?
26. പാരമ്പര്യത്തെയും വിശ്വാസപ്രമാണങ്ങളുടെയും അംഗീകരിക്കുകയും അതിനെ പിന്തുടരുകയും ചെയ്യുന്ന പെരുന്തച്ചനും യുക്തിയുടെ ഭാഷയിൽ ജീവിതത്തോട് സംവദിക്കുന്ന മകനും തമ്മിലുള്ള സംഘർഷമാണ് പെരുന്തച്ചന്റെ പ്രമേയം. വിലയിരുത്തുക?
27. മുഹമ്മദലി ശിഹാബിന്റെ ആത്മകഥ ധ്വനിപ്പിക്കുന്നതെന്ത്? വിശദമാക്കുക?

[2 x 10 = 20]

48

2B3N24083 (Pages : 3) Reg. No:......................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Malayalam Degree Examination, November 2024**

**BML3B03 – Naveena Malayala Kavitha**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## SECTION – A

**I. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. റോട്ടിൽക്കരഞ്ഞു നടക്കുകയായ് ജന-
ക്കൂട്ടം പകലുമിരവുമൊപ്പം - സന്ദർഭം വ്യക്തമാക്കുക.
2. ''പത്തിരിക്കറി കൂട്ടി
മണവാട്ടി നുണയുന്നൊ-
രൊപ്പനകൾ പാടുന്ന
നാടെവിടെ മക്കളേ?'' - ഈ വരികളിൽ തെളിയുന്ന സാംസ്കാരിക ചിത്രമെന്ത്?
3. ''കുളിക്കാൻ വെള്ളമില്ലെന്നോ? കുടിക്കാൻ പോലും വെള്ളമില്ലാഞ്ഞിട്ട് കുട്ടികളെ കുളിപ്പി
ച്ചില്ലെന്നോ? - സൂചിതമെന്ത്?
4. 'ജലം' എന്നാൽ തനിക്കെന്താണെന്നാണ് ആലപ്പുഴ നാട്ടുകാരിയായ കവയിത്രി
വിശദീകരിക്കുന്നത് ?
5. ഒരൊറ്റ സൂര്യനും
അവളേക്കാൾ നേരത്തെ പിടഞ്ഞെണീറ്റിലാ - ഇവിടെ വെളിപ്പെടുന്ന ചിത്രമെന്ത്?
6. ''ഒരുപക്ഷേ ഇതായിരിക്കാം
കവി പറഞ്ഞ ആ ക്രൂരകാലം'' - ഏത് കാലത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്?
7. ''കണ്ടതും കാണാത്തതു അറിയാതെ
നീയെത്ര തൃപ്തനായി കിടക്കുന്നു'' - ആരെക്കുറിച്ചാണിവിടെ സൂചിപ്പിക്കുന്നത്?
8. ''ഇരുട്ടിൽ, തിരുമുറ്റത്തു
കൊണ്ടു വെയ്ക്കുകയാണു ഞാൻ
പിഴച്ചു പെറ്റൊരീക്കൊച്ചു
പൈതലെ; കാത്തുകൊള്ളുക - സന്ദർഭമെഴുതുക.
9. ''പെണ്ണുങ്ങൾ കാലുവെക്കാത്തതാം പാതിരാ-
ക്കുന്നിലെന്താവും അന്നേരം?'' - സൂചിതമെന്ത്?

10. ''ജീവിച്ചിരിക്കുന്നവർക്ക് വായ്ക്കരി തന്നിട്ട് മരിച്ചവൻ''

ആരെക്കുറിച്ചാണിവിടെപ്പറയുന്നത്? എന്തുകൊണ്ട്?

11. കുന്നിടിച്ചു നിരത്തുന്ന യന്ത്രത്തോട് വിളിച്ചു പറയുന്നതെന്ത്?

12. ''എന്നെക്കൊണ്ട് ചിലതിനു കൊള്ളും എന്ന് ചിലരെങ്കിലും മനസ്സിലാക്കുകയാണ്'' - സന്ദർഭമെഴുതുക.

13. ''കുന്നിൻ പുറങ്ങളിലെ വള്ളിചുറ്റിലെ

പാറക്കൂട്ടങ്ങൾക്കിടയിൽ നിന്നാവാം'' - വരികൾ നൽകുന്ന സൂചനയെന്ത്?

14. 'പാക്കിസ്ഥാൻ ഹിന്ദുസ്ഥാൻ ഖാലിസ്ഥാൻ'

എന്ന് തീവണ്ടിയിൽ ഞാനിപ്പൊ

രവിയും ബിയാസും സത്‌ലജും ഒന്നിച്ചു നീന്തുവാടാ'' - സൂചിതമെന്ത്?

15. കാവിലമ്മയുടെ വേല കേറുമ്പോൾ എന്തെല്ലാം ഓർമകളാണ് കവി മനസ്സിൽ നിറയുന്നത്?

(15 × 2 = 30) പരമാവധി മാർക്ക് 25

## SECTION – B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. ''വിഷവാതമൂതാത്ത

വിഷവാണി കേൾക്കാത്ത

വിഷനീർ കുടിക്കാത്ത

നാടെവിടെ മക്കളേ?'' - പരിസ്ഥിതി മലിനീകരണത്തിന്റെ യാഥാർത്ഥ്യം വരികൾ വെളിപ്പെടുത്തുന്നതെങ്ങനെ?

17. ''ഒരു നെടുവീർപ്പെങ്കിലുമയച്ച് ഈ നിർവികാരത നീ ഭഞ്ജിക്കുക

എല്ലാം ഞാനറിഞ്ഞു'' - കവി അറിഞ്ഞ കാര്യങ്ങൾ എന്തെല്ലാം?

18. ''ഹാ, മയക്കായ്ക, മാം, ഓമലിൻ ശോഭന-

പ്രേമമയാകൃതേ, ചൊല്വു ഭവാൻ സ്വയം''

പൊരുളെന്ത്?

19. വിശപ്പ് എന്ന യാഥാർത്ഥ്യത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ് എ. അയ്യപ്പന്റെ 'അത്താഴം' എന്ന കവിത - വിശദീകരിക്കുക?

20. ''ചിലപ്പോഴെങ്കിലും

വീടിന്റെയുള്ളിൽ അരിസാമാനങ്ങൾ

വെച്ചിരുന്ന ഒരു കൊട്ട.'' - ആശയം വിശദീകരിക്കുക.

21. ''പക്ഷേ ആദ്യത്തെ അഞ്ചു രൂപയുടെ നഷ്ടംമാത്രം

ഒരിക്കലും നികലുന്നതായി തോന്നുന്നില്ല.'' - കാരണമെന്ത്? വിശദമാക്കുക.

22. 'ദയകാട്ടി രക്ഷിക്കണം സർ

ജീവിതത്തിലെ സമ്പാദ്യമല്ല,

ജീവിതം തന്നെയാണ് സാർ...' ആരുടെ വാക്കുകളാണിത്? സന്ദർഭമെഴുതുക?

23. 'ഇടിത്തീ ആകാശത്തിൽ

തൂങ്ങിയ മട്ടിൽ ഇരിക്കട്ടെ

പെൺകുഞ്ഞുങ്ങളുടെ പിറകേ

പായുന്നവന്റെ നെറുകയിൽ

വീഴ്ത്താനാണ്' - കവി ഇങ്ങനെ പറയാൻ കാരണമെന്ത്?

($18 \times 5 = 40$) പരമാവധി മാർക്ക് 35

## SECTION – C

**III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരം തയ്യാറാക്കുക.**

24. സമൂഹത്തിന്റെ ഒളിച്ചോട്ടത്തിനും വിസ്മൃതിക്കുമെതിരെ കവി നടത്തുന്ന ആഭിചാരമാണ് 'സംക്രമണം' എന്ന കവിത പരിശോധിക്കുക.

25. 'പെൺകുഞ്ഞ് 90', 'പെണ്ണുങ്ങൾ കാണാത്ത പാതിരാ നേരങ്ങൾ' എന്നീ കവിതകൾ മുന്നോട്ടുവെയ് ക്കുന്ന സ്ത്രീപക്ഷ ചിന്തകൾ എന്തൊക്കെയാണ്? വിശദീകരിക്കുക?

26. ദളിത്ജീവിതം അനുഭവിക്കുന്ന അവഗണനയുടെയും തിരസ്കാരത്തിന്റെയും യാഥാർത്ഥ്യങ്ങളെ 'രാമായണം' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

27. ഉത്തരാധുനിക കവിതയുടെ സവിശേഷതകൾ 'മെഹബൂബ് എക്സ്പ്രസ്', 'ഇൻസ്റ്റലേഷൻ', 'വാക്കുകൾ' എന്നീ കവിതകളെ മുൻനിറുത്തി പരിശോധിക്കുക.

($2 \times 10 = 20$ മാർക്ക്)

2B3N24084 (Pages : 2) Reg. No:.......................

99 Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Malayalam Degree Examination, November 2024**

**BML3B04 – Drishyakala Sahithyam**

(2022 Admission onwards)

Time: 2 ½ hours Max. Marks : 80

## Section A

I. **ഒന്നോ രണ്ടോ വാക്കിൽ ഉത്തരം എഴുതുക.**

1. 'കൂട്ടുകൃഷി' എന്ന നാടകത്തിന്റെ പ്രസക്തി എന്ത്?
2. കേരളീയ സംസ്കൃതനാടകവേദിയുടെ പേരെന്ത്? രണ്ട് സവിശേഷതകൾ എഴുതുക.
3. സ്ത്രീനാടകവേദിയുടെ മൂന്ന് സവിശേഷതകൾ എഴുതുക.
4. 'ബാലൻ' എന്ന മലയാളചലചിത്രത്തിന്റെ സവിശേഷത എന്ത്? സംവിധാനം ചെയ്തത് ആര്?
5. 'മലയാളശാകുന്തളം' രചിച്ചത് ആര് ? സവിശേഷത എന്ത് ?
6. ശ്രീജ കെ.വി. രചിച്ച മൂന്ന് നാടകങ്ങളുടെ പേര് എഴുതുക.
7. കേളികൊട്ട് എന്നാൽ എന്ത്?
8. നളചരിതം രണ്ടാം ദിവസത്തിലെ പ്രധാന കഥാസന്ദർഭം ഏത്?
9. 'ഒളിവിലെ ഓർമ്മകൾ' എന്ന കൃതിയുടെ സവിശേഷത എന്ത്? രചിച്ചതാര്?
10. നളചരിതം രണ്ടാം ദിവസത്തിലെ അഞ്ച് പ്രധാന കഥാപാത്രങ്ങളുടെ പേര് എഴുതുക.
11. സാഹിത്യകൃതികൾ സിനിമകളായി പരിണമിച്ചതിന് അഞ്ച് ഉദാഹരണം എഴുതുക.
12. കഥകളിയ്ക്കുപയോഗിക്കുന്ന വാദ്യങ്ങൾ ഏവ?
13. നളചരിതം ആട്ടക്കഥയ്ക്ക് അവലംബമായ കൃതിയും ഭാഗവും ഏത്? സന്ദർഭം എന്ത്?
14. ആദാമിന്റെ മകൻ അബു' എന്ന ചലച്ചിത്രത്തിന്റെ കഥാതന്തു എന്ത്?
15. രാമനാട്ടം എന്നാൽ എന്ത്? **(2x 15= 30,പരമാവധി മാർക്ക് 25)**

## Section B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.**

16. ദശരൂപകം എന്നാൽ എന്ത്? വിശദീകരിക്കുക.
17. 'എങ്കിലും ജീവൻ തട്ടിക്കളയാൻ ആർക്കും അവകാശമില്ല'. സൂചിതം എന്ത് ? വിശദമാക്കുക.
18. 'എനിക്ക് എറിയുന്ന പശുവിന്റെ കാലു പിടിക്കാൻ വയ്യ! നീ എന്നെ തെറ്റിദ്ധരിക്കരുത്.' ആര് ആരോട് പറയുന്ന വാക്കുകൾ? സൂചിതാശയം വിശദമാക്കുക.
19. നളന്റെ ഉദ്യാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
20. 'നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
    അമിത്രവീരന്മാരെ അമർത്തും വൻ പടയും'
    ആരുടെ വാക്കുകൾ?സന്ദർഭം ഏത്?
21. പ്രതീക്ഷകളുടെ മുകളിൽ കെട്ടിയുയർത്തുന്ന ജീവിതമാണ് 'ആദാമിന്റെ മകൻ അബു' എന്ന ചലച്ചിത്രത്തിന്റെ അടിസ്ഥാനം എന്ന പ്രസ്താവനയെ വിലയിരുത്തുക.
22. കഥകളിയിലെ വേഷവൈവിധ്യങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
23. കുട്ടികളുടെ നാടകവേദിയുടെ സവിശേഷതകൾ എന്ത്? ഉദാഹരണ സഹിതം വ്യക്തമാക്കുക. **(5x 8 = 40, പരമാവധി മാർക്ക് 35)**

## Section C

**III ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. നാടൻകലകൾ, ക്ലാസിക്ക് കലകൾ എന്നിവയെക്കുറിച്ച് ഉദാഹരണ സഹിതം ഉപന്യസിക്കുക.
25. കാവാലം നാടകങ്ങളുടെ സ്വഭാവസവിശേഷതകൾ 'അവനവൻ കടമ്പ' എന്ന നാടകത്തെ മുൻനിർത്തി പരിശോധിക്കുക.
26. മലയാളനാടകവേദിയുടെ വളർച്ചാഘട്ടങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
27. മലയാളസിനിമയും സാഹിത്യവും തമ്മിലുള്ള ബന്ധം, മലയാളസിനിമയുടെ വളർച്ചയ്ക്ക് എത്രത്തോളം സഹായകരമാണെന്ന് വിലയിരുത്തുക. **(2x 10 = 20 മാർക്ക് )**

50

2B3N24085 (Pages : 1) Reg. No:.......................

Name: ............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Third Semester BA Malayalam Degree Examination, November 2024**

**BML3C03 – Keralapadanam – Adhinivesakala Keralam**

(2022 Admission onwards)

Time: 1 ½ hours Max. Marks : 40

## I ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

1 കേരളചരിത്രത്തിലെ പ്രധാനപ്പെട്ട വിദേശ അധിനിവേശ ശക്തികൾ ആരൊക്കെ ?

2 കൊച്ചിരാജ്യവും ഡച്ചുകാരും തമ്മിലുള്ള ബന്ധം എങ്ങനെയുള്ളതായിരുന്നു.

3 അറബിമലയാളം എന്നതെന്ത് എന്ത് ?

4 ആദ്യകാല മലയാള പത്രങ്ങൾ ഏതൊക്കെ ?

5 പച്ച മലയാളപ്രസ്ഥാനം എന്നാൽ എന്ത് ?

6 ഡച്ചുകാരുടെ തകർച്ചയുടെ പ്രധാനപ്പെട്ട കാരണങ്ങൾ എന്തൊക്കെ ?

(6X2=12 പരമാവധി10മാർക്ക്)

## II താഴെപ്പറയുന്നവയെക്കുറിച്ച് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.

7 വാസ്കോഡഗാമ

8 മൈസൂർ ആധിപത്യത്തിന്റെ ഫലങ്ങൾ

9 കൂനൻ കുരിശ്കലാപം

10 മാർത്താണ്ഡവർമ

11 ക്രിസ്ത്യൻ മിഷണറിമാരും അച്ചടിയും

12 കുഞ്ഞായിൻ മുസല്യാർ

(6X 4 =24പരമാവധി20മാർക്ക്)

## III ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13 പോർച്ചുഗീസ് അധിനിവേശം കേരളത്തിന്റെ മത, രാഷ്ട്രീയ, സാമൂഹിക രംഗത്ത് ഉണ്ടാക്കിയ മാറ്റം എന്തായിരുന്നു ?

14 ബ്രിട്ടീഷ് അധിനിവേശത്തെ കേരളത്തിലെ നാട്ടു രാജ്യങ്ങൾ ചെറുത്തതെങ്ങനെ ? അത്തരം പ്രതിരോധങ്ങളുടെ ഫലമെന്തായിരുന്നു ?

(1 X 10 = 10)